# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2562** **12.03.2020-ൽ മറുപടിയ്ക്ക്**

**ബിവറേജസ് കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ നിയമനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |
| **എ)** ബിവറേജസ് കോർപ്പറേഷനിലേക്ക് പി.എസ്.സി. പ്രസിദ്ധീകരിച്ച കമ്പനി/കോർപ്പറേഷൻ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകി എന്നതിന്റെ വിശദവിവരം നൽകുമോ; | **എ)** ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കായി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും ഹെൽപ്പർ/പ്യൂൺ തസ്തികയിലേയ്ക്ക് ഇതുവരെ നിയമനങ്ങൾ നടത്തിയിട്ടില്ല. കാറ്റഗറി നം.426/2014 പ്രകാരം നിലവിൽ വന്ന അസിസ്റ്റന്റ് ഗ്രേഡ് II റാങ്ക് പട്ടിക പ്രകാരം 248 പേർക്കും, കാറ്റഗറി നം.561/2014 പ്രകാരം നിലവിൽ വന്ന എൽ.ഡി.സി റാങ്ക് പട്ടികയിൽ നിന്നും 83 പേർക്കും ഇതുവരെ നിയമനം നൽകിയിട്ടുണ്ട്. |
| **ബി)** രണ്ട് വർഷം മുൻപ് ഇതര വകുപ്പുകളിൽ നിന്നും ബിവറേജസ് കോർപ്പറേഷനിലേക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത് നിർത്തിവെയ്ക്കുവാൻ മുഖ്യമന്ത്രി നിർദ്ദേശം നൽകിയിരുന്നുവോ; എങ്കിൽ ഡെപ്യൂട്ടേഷൻ നിർത്തിവയ്ക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ; | **ബി)** ഇല്ല, ബാധകമല്ല. |
| **സി)** പ്രസ്തുത സാഹചര്യം നിലനിൽക്കെ തന്നെ മറ്റ് വകുപ്പുകളിലെ അൻപത്തിയെട്ട് പേർക്ക് ബിവറേജസ് കോർപ്പറേഷനിലേക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കാനുണ്ടായ ഉത്തരവ് നൽകിയത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ; പ്രസ്തുത ഡെപ്യൂട്ടേഷനിൽ ഉൾപ്പെട്ട അൻപത്തിയെട്ട് ഉദ്യോഗസ്ഥരുടെ വിശദവിവരം നൽകുമോ? | **സി)** നിലവിൽ 58 പേർക്ക് കെ.എസ്.ബി.സിയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ വിവിധ പീഡിത വ്യവസായ സ്ഥാപനങ്ങളിൽ നിന്നും താഴ്ന്ന വരുമാനമുള്ള 33 ജീവനക്കാർ (മലബാർ ഡിസ്റ്റലറീസ്-31, അഗ്രോ ഇൻഡസ്ട്രീസ്-1, ബേക്കൽ റിസോർട്ട്-1) യഥാക്രമം 2009, 2015, 2009 കാലയളവുകൾ മുതൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു. കൂടാതെ ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 4(നാല്) ജീവനക്കാരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

Santhosh

**സെക്ഷൻ ഓഫീസർ**